# പോലീസ് വകുപ്പ്

# കേരളം

**No.S5-207373/2022/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
✉phq.pol@kerala.gov.in
☏04712721547
തീയതി. 03-01-2023

**സർക്കുലർ. 1/2023/പി എച്ച് ക്യൂ**

വിഷയം : ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസ്സസിംഗ് സിസ്റ്റം (iAPS) - പോലീസ് വകുപ്പിലെ എല്ലാ സേനാംഗങ്ങൾക്കും മറ്റ് ജീവനക്കാർക്കും സേവന സംബന്ധമായ പരാതികൾ സമർപ്പിക്കുന്നതിനായി iAPS ൽ Grievances എന്ന പേരിൽ നിലവിൽ വന്ന പുതിയ സംവിധാനത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന : 17.11.2022 ൽ നടന്ന iAPS സംസ്ഥാന കോർ കമ്മിറ്റിയുടെ യോഗ തീരുമാനം

01. കേരള പോലീസ് വകുപ്പിൽ ഫയൽ നീക്കം ഫലപ്രദമായി നടത്തുന്നതിനായും തപാലുകൾ സമയ ബന്ധിതമായി കൈകാര്യം ചെയ്യുന്നതിനായും, ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസ്സസിംഗ് സിസ്റ്റം (iAPS) എന്ന പേരിൽ ഒരു വെബ് അധിഷ്ഠിത ഫയലിംഗ് സംവിധാനം നടപ്പിലാക്കുകയുണ്ടായി. മേൽ സംവിധാനം 2012 മുതൽ ഡിപ്പാർട്ട്മെന്റിൽ വിജയകരമായി പ്രവർത്തിച്ചു വരുന്നു. മാത്രമല്ല iAPS ലൂടെ വളരെ വേഗത്തിലും അനായാസത്തിലും ഓരോ ഓഫീസിലേക്കും തപാലുകൾ / ആശയവിനിമയങ്ങൾ കൈമാറുന്നത് സാധ്യമാക്കി.

02. പോലീസ് വകുപ്പിലെ എല്ലാ സേനാംഗങ്ങൾക്കും മറ്റ് ജീവനക്കാർക്കും സേവന സംബന്ധമായ പരാതികൾ സമർപ്പിക്കുന്നതിനായി ഇപ്പോൾ iAPS (ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസ്സസിംഗ് സിസ്റ്റം)-ൽ Grievances എന്ന പേരിൽ പുതിയ ഒരു സംവിധാനം നിലവിൽ വന്നിട്ടുണ്ട്. സേനാംഗങ്ങൾക്കും ജീവനക്കാർക്കും തങ്ങളുടെ പെൻഷൻ, ശമ്പളം, അച്ചടക്ക നടപടി, ശമ്പള നിർണ്ണയം, ലോണുകൾ, അവധി, പ്രമോഷൻ, സ്ഥലംമാറ്റം, സീനിയോറിറ്റി, മറ്റ് സർവ്വീസ് സംബന്ധമായ കാര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള പരാതികൾ മേൽ സംവിധാനത്തിലൂടെ അവരവരുടെ മേലുദ്യോഗസ്ഥർക്ക് നേരിട്ട് സമർപ്പിക്കാവുന്നതാണ്.

03. ഓരോ ഉദ്യോഗസ്ഥരും അവരുടെ നിലവിലുള്ള iAPS അക്കൗണ്ട് ലോഗ് ഇൻ ചെയ്ത് Personal എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുമ്പോൾ Grievances എന്ന മെനു കാണുവാൻ സാധിക്കും. ഇതുവഴി ഓരോ ഉദ്യോഗസ്ഥനും ടിയാന്റെ മേൽപ്പറഞ്ഞ സർവ്വീസ് കാര്യങ്ങളെ സംബന്ധിക്കുന്ന പരാതികൾ സമർപ്പിക്കാവുന്നതാണ്. മേൽ സംവിധാനത്തിലൂടെ സമർപ്പിക്കുന്ന ഓരോ പരാതികളിലും ഓഫീസിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് പരാതിക്കാരനായ ഉദ്യോഗസ്ഥന് അപ്പപ്പോൾ തന്നെ മനസ്സിലാക്കുന്നതിനും സാധിക്കും.

04. iAPS ലെ Grievances എന്ന സംവിധാനത്തിന്റെ മേൽ നോട്ടത്തിനും പരിശോധനക്കുമായി ജില്ലാ പോലീസ് ഓഫീസുകളിൽ മാനേജർ തസ്തികയിലുള്ള ഉദ്യോഗസ്ഥനേയും മറ്റു യൂണിറ്റ് ഓഫീസുകളിൽ തത്തുല്യ റാങ്കിലുള്ള ഉദ്യോഗസ്ഥനെയും യൂണിറ്റ് മേധാവികൾ ചുമതലപ്പെടുത്തേണ്ടതാണ്.

05. ഈ സംവിധാനം നിലവിൽ വന്നു കഴിഞ്ഞാൽ പോലീസ് ഉദ്യോഗസ്ഥർക്കുള്ള ഏതുതരം സർവ്വീസ് സംബന്ധമായ പരാതികളും ടി സംവിധാനത്തിലൂടെ സമർപ്പിക്കാൻ സാധിക്കുന്നതാണ്.

06. ഈ സർക്കുലറിന്റെ പകർപ്പ് ഡിപ്പാർട്ട്മെന്റിലെ എല്ലാ സേനാംഗങ്ങൾക്കും ജീവനക്കാർക്കും ലഭിച്ചിട്ടുണ്ട് എന്ന് അതാത് യൂണിറ്റ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

അനിൽ കാന്ത് ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ യൂണിറ്റ് മേധാവികൾക്കും അറിവിലേക്കും അനന്തര നടപടികൾക്കുമായി.

പകർപ്പ് : (1) പോലീസ് ആസ്ഥാനത്തെ എല്ലാ സ്റ്റാഫ് ഓഫീസർമാരുടെ സി എ മാർക്കും
(2) പോലീസ് ആസ്ഥാനത്തെ എല്ലാ ഉദ്യോഗസ്ഥർക്കും